**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3961

19.03.2018- ൽ മറുപടിയ്ക്ക്

## നിലമ്പൂർ മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി

| ചോദ്യം<br>**ശ്രീ.പി.വി. അൻവർ** | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന പാതയോട് ചേർന്ന് റവന്യൂ ഭൂമിയോ റവന്യൂ പുറമ്പോക്ക് ഭൂമിയോ ഉണ്ടോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. നിലമ്പൂർ നിയോജക മണ്ഡലത്തിൽ കോഴിക്കോട് - നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന പാതയോട് ചേർന്ന് റവന്യൂ ഭൂമിയായി, നിലമ്പൂർ വില്ലേജ് ഓഫീസ് കെട്ടിടം നിൽക്കുന്ന, സർവ്വെ നമ്പർ 243/6-ൽ (ബ്ലോക്ക് 92) 0.1000 ഹെക്ടർ സ്ഥലവും എടക്കര വില്ലേജ് ഓഫീസ് നിൽക്കുന്ന സർവ്വെ നമ്പർ 1065-ൽ 0.0202 ഹെക്ടർ സ്ഥലവും ഉണ്ട്. |
| (ബി) പ്രസ്തുത മണ്ഡലത്തിൽ എവിടെയൊക്കെയാണ് റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതെന്ന് വിശദമാക്കാമോ? | (ബി) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ അമരമ്പലം വില്ലേജിൽ ബ്ലോക്ക് 122-ൽ റീ.സർവ്വെ 326/2-ൽ 1.0960 ഹെക്ടർ ഭൂമി റീ.സർവ്വെ റിക്കോർഡ് പ്രകാരം റിസർവ്വ് ഫോറസ്റ്റ് എന്ന് രേഖപ്പെടുത്തിയതാണെങ്കിലും പ്രസ്തുത സ്ഥലം റവന്യൂ പുറമ്പോക്ക് ഭൂമിയാണ്. |

Indu.S.S

**സെക്ഷൻ ഓഫീസർ**